MAHBIL/2015/63218 | MNE/353/2015-17 | MR/Tech/WPP-323/NE/2016

# Kalyan Lantern

SEPTEMBER 2016

Vol. 02 | Issue 03 | MUMBAI | 32 Pages | Price: ₹10/-





''ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ.'' (ലൂക്കാ 1 : 38 )

# നാസിക് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ തിരുനാൾ മഹാമഹം

## പരിശുദ്ധ കന്യാമറിയത്തിന്റെ എട്ടുനോമ്പാചരണവും ഇടവകതിരുനാളും

2016 സെപ്റ്റംബർ 1 മുതൽ 11 വരെ



സ്നേഹിതരേ,

ആർഷ ഭാരതത്തിന്റെ പുണ്യനഗരികളിൽ ഒന്നായ നാസിക്കിൽ ആദ്ധ്യാത്മിക ചൈതന്യമുണർത്തുന്ന പ. കന്യകാമാതാവിന്റെ നാമധേയത്തിലുള്ള ഏക ക്രൈസ്തവ ദേവാലയമായ സെന്റ് മേരിസ് ഫൊറോന ചർച്ച് നാനജാതി മതസ്തർക്കും അനുഗ്രഹാശിസ്സുകൾ പ്രദാനം ചെയ്ത് സംവത്സരങ്ങൾ പിന്നിടുന്നു.

പരിശുദ്ധ കന്യാമാതാവിന്റെ ജനനതിരുനാൾ സെപ്റ്റംബർ 10-ാം തിയതി ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്ന വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിക്കുന്നു. തിരുനാളിന് ഒരുക്കമായുള്ള എട്ട് നോമ്പ് ആചരണം സെപ്റ്റംബർ 1 മുതൽ 10 വരെ തിയതികളിൽ വിവിധ കുടുംബ കൂട്ടായ്മകളുടേയും ഇടവകകളുടേയും നേതൃത്വത്തിൽ ആഘോഷിക്കുന്നു. തിരുനാളിൽ പങ്കെടുത്ത് മാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുവാനും, അനുഗ്രഹം പ്രാപിക്കുവാനും ഏവരേയും ക്ഷണിക്കുന്നു..

1 / 9 / 2016 വ്യാഴം റെവ. ഫാ. ഡേവിസ് ചാലിശ്ശേരിയുടെ (ഫൊറോന വികാരി) നേതൃത്ത്വത്തിൽ ജപമാല, കൊടിയേറ്റ്, വി. കർബ്ബാന, നൊവേന എന്നീ തിരുക്കർമ്മങ്ങളോടു കൂടി ആരംഭിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ബഹു. വൈദികരുടെയും, സെന്റ് മേരിസ്സ് ഫൊറോനയിലെ വിവിധ യുണിറ്റുകളുടെയും, ഇടവകകളുടേയും നേതൃത്ത്വത്തിൽ നടത്തപ്പെടുന്നു.

**3, 4, തീയതികളിൽ വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷ, ആരാധന നേതൃത്വം നൽകുന്നത്, റെവ. ഫാ. ബിജു കുനൻ ( ഡയ. താബോർ വിഷൻ, താബോർ ധ്യാനകേന്ദ്രം, കല്യാൺ)**

# 10/09/16 ശനി തിരുനാൾ ദിനം

**മുഖ്യ കാർമ്മി :** വെ. റെവ. ഫാ. ജസ്റ്റിൻ കല്ലേലി (ചാൻസലർ കല്യാൺ രൂപത)

September 2016
# Kalyan Lantern
MAHBIL/2015/63218 | MNE/353/2015-17
Vol. 02 | Issue 03
YOUR WORD IS A LAMP TO MY FEET AND A LIGHT TO MY PATH

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Emmanuel Kadankavil

CHIEF EDITOR
Fr. Sheen Chittatukara

ASSOCIATE EDITOR
Fr. Jomet Vazhayil

EDITORIAL BOARD
Fr. Jacob Porathur
Fr. Benny Thanninilkumthadathil
Fr. Liju Keetickal
Mrs. Rosily Thomas
Miss Annrary Thekiniath
Mr. Biju Dominic
Dr. C.p. Johnson
Mr. Roy J. Kottaram
Mr. Babu Mathew
Mr. Joseph Chittilappilly

MARKETING MANAGERS
Fr. Lijo Mullonkal
Mr. Roy Philip

CIRCULATION MANAGER
Fr. Kiran Eluvathingal

DESIGN & PAGE LAYOUT
Mr. Josemon Vazhayil

KALYAN LANTERN
Diocese of Kalyan,
Plot No. B/38, P.B. No. 8434,
IIT P.O., Powai Mumbai,
Maharashtra, India - 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

## കരുണയുടെ മദർ



തന്റെ അയോഗ്യത ഏറ്റുപറഞ്ഞ് നിസ്സഹായയായ മദർ ഈശോയുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. “My own Jesus - what you ask, it is beyond me. I can hardly understand half of the thing you want - I am unworthy - I am sinful - I am weak - Go Jesus, find a more worthy soul, a more generous one”. തന്റെ ബലഹീനതയും, അയോഗ്യതയും ജോലിഭാരവും തിരിച്ചറിഞ്ഞ മദർ തെരേസ. ക്രിസ്തു പത്രോസിനോട് ചോദിച്ചതുപോലെ മറുചോദ്യത്തിലൂടെ ഈശോ മദറിനെ നേരിടുന്നു. “Are you afraid now to take one more step for your spouse - for me - for souls? Is your generosity grown cold? Am I second to you?

ലൊറേറ്റോ സിസ്റ്ററായി തുടരാനാഗ്രഹിച്ച മദർ തെരേസ ആത്മീയ സംഘർഷത്തിലായിരുന്നു. ““I am so afraid, Jesus - I am so terribly afraid - let me not be deceived - I am so afraid. This fear shows me how much I love myself. I am afraid of the sufferings that will come through leading that Indian life - clothing like them, eating like them, living with them and never having anything my way. How much comfort has taken possession of my heart”.

പിന്നീട് നാം മദർ തെരേസയെ കാണുന്നത് ക്രിസ്തുവിന്റെ ദാഹം ശമിപ്പിക്കാനായി കൽക്കട്ടയുടെ തെരുവുകളിലൂടെ അലയുന്ന മദറിനെയാണ്. കാരുണ്യവർഷത്തിൽ തന്നെ വിശുദ്ധയാക്കപ്പെട്ട മദർ തെരേസ നമ്മോട് ചോദിക്കുന്നു. How many die without God just because there was nobody to say a word on God’s Mercy?




# A miracle called Mother Theressa

I am leaving my dear house
And my beloved land
To steamy Bengal go I
To a distant shore.

മിഷനറിമാർ രാജ്യം വിടുമ്പോൾ ഒരിക്കലും തിരിച്ചു വരാത്ത ഒരു കാലത്ത്, ചെറുപ്പം മുതൽ തന്നെ മിഷനറിയാകണം എന്നൊരു നിശ്ചയദാർഢ്യവുമായി ബംഗാളിലേയ്ക്ക് എത്തിയ ഒരു ലൊറേറ്റോ സന്യാസിനി. മെഡിറ്ററേനിയൻ സമുദ്രത്തിലെ കപ്പൽയാത്രക്കിടയിൽ ആ കൊച്ചു സന്യാസിനി വീട്ടിലേക്കെഴുതി;

“അവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിന്ന് ആത്മാക്കളെ രക്ഷിക്കാൻ ഈ കൊച്ചു മിഷനറിയെ ഈശോ അനുഗ്രഹിക്കണേ എന്ന് പ്രാർത്ഥിക്കുക.”

“എനിക്കപ്പോൾ പന്ത്രണ്ട് വയസ്സായിരുന്നു. അപ്പോഴാണ് പാവങ്ങൾക്ക് വേണ്ടി ജീവിക്കാൻ എനിക്ക് പ്രത്യേക വിളിയുണ്ടെന്ന് ഞാനറിഞ്ഞത്. എനിക്കൊരു മിഷനറിയാകാൻ ആഗ്രഹമായി. എല്ലാ മിഷൻ പ്രദേശങ്ങളിലും ഒരു മിഷനറിയായി ക്രിസ്തുവിനെ നൽകാൻ എനിക്ക് ആഗ്രഹമുണ്ട്.” യുവത്വത്തിലെത്തുന്നതിനു മുന്നെ ഈ ആഗ്രഹം മുളപൊട്ടിയിരുന്നു.

ഡാർജിലിംഗിലെ തുടർ പരിശീലനങ്ങൾക്ക് ശേഷം കൽക്കട്ടയിലെ ലൊറേറ്റോ സമൂഹത്തിൽ. സെന്റ് മേരീസ് ബംഗാളി മീഡിയം സ്കൂളിലെ അദ്ധ്യാപികയായി ചേർന്നു. അവരുടെ പ്രാർത്ഥനാജീവിതവും ദീനാനുകമ്പയും, കാരുണ്യപ്രവർത്തനങ്ങളും കാര്യശേഷിയും നർമ്മസംഭാഷണങ്ങളും ഏവരുടേയും ശ്രദ്ധപിടിച്ചുപറ്റി. ‘

**‘ആത്മാവിന്റെ ഇരുണ്ട രാത്രികൾ’**

‘അന്ധകാരം’ എന്നത് കൊണ്ട് മദർ തെരേസ എന്താണ് ഉദ്ദേശിക്കുന്നതെന്ന് സുവ്യക്തമല്ല. പക്ഷേ അഗാധമായ ആന്തരികവ്യഥ, ആത്മീയ വിരസത, ആകുലതകളും, വ്യസനതങ്ങളും. ക്രിസ്തുസാന്നിദ്ധ്യം തന്റെ ജീവിതത്തിൽ ഇല്ലെന്ന തോന്നൽ; പക്ഷേ ക്രിസ്തുവിനോടുള്ള അടങ്ങാത്ത ആഗ്രഹവും.

നിത്യവൃത വാഗ്ദാനത്തിനു ശേഷം മദർ തെരേസ തന്റെ അദ്ധ്യാപനജോലികളിൽ വ്യാപൃതയായി. ഒരു കഠിനാദ്ധ്വാനിയായിരുന്നു അവർ. ഞായറാഴ്ചകളിൽ അവർ ചേരികളിൽ പോയിരുന്നു. അതവരുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. “എനിക്കവർക്ക് നൽകാൻ ഒന്നുമില്ലായിരുന്നു; സന്തോഷം മാത്രം. ഞാനൊരു ദിവസം അവിടെ ചെന്നപ്പോൾ അവർ അമ്മയെ കാത്തിരിക്കുകയായിരുന്നു. എന്നെ കണ്ടതും അവർ ഓടിയെത്തി. നിവർന്നു നിൽക്കാൻ ഇടയില്ലാത്ത അവരുടെ വീട്ടിലെ സന്ദർശനത്തിനുശേഷമിറങ്ങുമ്പോൾ അവരുടെ അമ്മ പറഞ്ഞു. “വീണ്ടും വരണം. നിങ്ങളുടെ പുഞ്ചിരി ഇവിടെ സൂര്യപ്രകാശമായിരിക്കുന്നു”. അന്ന് മദർ തെരേസ കോൺവെന്റിലേക്ക് മടങ്ങിയത് ഈ പ്രാർത്ഥനയുമായി: “ദൈവമേ, എത്രയെളുപ്പത്തിലാണ് എനിക്കവരെ സന്തോഷിപ്പിക്കാൻ കഴിഞ്ഞത്. അവരുടെ ജീവിതത്തിൽ പ്രകാശമാകാൻ എനിക്ക് ശക്തി തരിക, അങ്ങയിലേയ്ക്ക് അവരെ നയിക്കാനും”

**നാലം വ്രതം :**

ദൈവത്തോട് ഒരു വ്രതം കൂടി നേർന്ന് അവർ ദൈവതുല്യയായി. എപ്രിൽ 1942 - ക്രിസ്തുവിന്

**“അവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിന്ന് ആത്മാക്കളെ രക്ഷിക്കാൻ ഈ കൊച്ചു മിഷനറിയെ ഈശോ അനുഗ്രഹിക്കണേ എന്ന് പ്രാർത്ഥിക്കുക.”**

ഒന്നും നിഷേധിക്കാതിരിക്കുക. ഒന്നും മാറ്റിവെക്കാതെ ക്രിസ്തുവിനുവേണ്ടി മനോഹരമായ എന്തെങ്കിലും ചെയ്യണമെന്നൊരാഗ്രഹം. ഈ നാലാം വ്രതത്തെക്കുറിച്ച് അവരുടെ കുമ്പസാരകാരനല്ലാതെ ആരും ഒന്നും അറിഞ്ഞില്ല. “എന്തുകൊണ്ട് ദൈവത്തിന് നാം പൂർണ്ണമായി നൽകണം? ദൈവം പൂർണ്ണമായി നൽകിയതുകൊണ്ട്. അങ്ങനെയെങ്കിൽ ജീവന്റെ ഒരംശം കൊണ്ടല്ല നാം അവിടത്തോട് മറുപടി നൽകേണ്ടത്.

അക്കാലത്തെ ആത്മീയ ചിന്താധാരകൾ നാലാം വ്രതത്തിന് മദർ തെരേസയെ സ്വാധീനിച്ചിരിക്കാം. ഐറീഷ് ജെസ്യൂട്ട് വൈദികൻ വില്ല്യം ഡോയേൽ നിശബ്ദമായ വ്രതങ്ങളെടുത്ത് സ്വന്തം തീരുമാനങ്ങളെ പിൻതുണച്ചിരുന്നു. ക്രിസ്തുവിനു വേണ്ട ഓരോ ത്യാഗത്തെയും നിരസിക്കുകയില്ലെന്ന നിശബ്ദവ്രതം സ്വയം നിറവേറ്റുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. സിസ്റ്റർ ബെനീഞ്ഞ കൊൺസോലെറ്റ ഫെറാറോ; എല്ലാം ദൈവസ്നേഹത്തിനു വേണ്ടി ചെയ്യുക, നിശബ്ദമായ എളിമ, എന്നിങ്ങനെയുള്ള വ്രതത്തിലായിരുന്നു.

മദർ തെരേസയുടെ നാലാം വ്രതത്തിന് അവരുടെ സാംസ്കാരിക പൈതൃകവും പ്രേരകമായിരുന്നു. അൽബേനിയൻ പാരമ്പര്യങ്ങളിൽ ‘ബെസ’ (word of honour) എന്നാൽ സ്വന്തം വാക്കിനോടും വാഗ്ദാനങ്ങളോടും ഒരു വ്യക്തിയുടെ പ്രതിബദ്ധതയാണ് കാണിക്കുന്നത്. വാക്ക് വിശുദ്ധമാണ്. നിങ്ങൾക്കവർ വാക്ക്

തന്നിട്ടുണ്ടെങ്കിൽ എന്തുസംഭവിച്ചാലും അവരത് അനുഷ്ഠിച്ചിരിക്കും. അതുകൊണ്ട് ക്രിസ്തുവിനോട് അവരൊന്നും നിഷേധിച്ചില്ല.

**Not to refuse Him anything.**

"Ask fern not to allow me to refuse Him anything, however small I (would) rather die" ക്രിസ്തുവിനുവേണ്ടിയുള്ള നിരന്തരമായ



സമർപ്പണം അവരെ വിഷാദിയാക്കിയില്ല. അതിനുമപ്പുറം അവർ വളരെ സന്തോഷവതിയും ഉത്സാഹവതിയുമായിരുന്നു. ക്രിസ്തുവിനുവേണ്ടി സമർപ്പിക്കപ്പെട്ടതിന്റെ ആനന്ദം. ആരെങ്കിലും വിഷാദിച്ചിരിക്കുമ്പോൾ അവൾ ഓർക്കും; അവർ ക്രിസ്തുവിനുവേണ്ടി എന്തോ നിഷേധിച്ചിരിക്കുന്നു.

മദർ തെരേസയുടെ നിശബ്ദവ്രതം ജീവിതത്തിന്റെ സർവ്വസ്പർശിയായിരിക്കുന്നു. ഏതു സന്ദർഭങ്ങളും ക്രിസ്തുവിന്റെ ഹിതം ഭൂമിയിലെത്തിക്കുന്നതിന്റെ ആനന്ദത്തിലും.

Something beautiful for God.....
ദൈവത്തിനുവേണ്ടി

മനോഹരമായതെന്തെങ്കിലും. "''ദൈവത്തിന് ഒന്നും ചെറുതല്ല. അതുകൊണ്ടാണ് ദൈവം ചെറിയത് നൽകി അതിനോടുള്ള സ്നേഹം കാണിക്കാനുള്ള സന്ദർഭമൊരുക്കുന്നത്. അതുകൊണ്ട് സ്നേഹത്തിന്റെ കുഞ്ഞുസുകൃതങ്ങൾ നിങ്ങളെ ദൈവത്തേ പോലെയാക്കുന്നു. അതുകൊണ്ട് വലിയ കാര്യങ്ങളില്ല; ചെറിയ കാര്യങ്ങൾ അതീവ സ്നേഹത്തോടെ ചെയ്യുക. ഏറ്റവും ചെറിയ കാര്യങ്ങൾ അതിലേറെ സ്നേഹത്തോടെ ചെയ്യുക''.

നിത്യവ്രതത്തിനനുസരിച്ച് മദർ തെരേസ അനുനിമിഷം ഓരോ കാര്യങ്ങളിൽ വേഗം പ്രതികരിക്കുന്ന ശീലം സ്വായത്തമാക്കിയിരുന്നു. സമയം കളയാതെ ഏന്തെങ്കിലും ചെയ്യുന്ന ഒരു രീതി. അത് ദൈവഹിതമാണെന്നറിഞ്ഞാൽ ഉടനെ അത് ചെയ്ത് തീർക്കും. 'Not to refuse Him anything'. പലപ്പോഴും ഈ അതിവേഗത, തെറ്റിദ്ധരിക്കപ്പെടുകയും, വിവേകരഹിതമായ തീരുമാനങ്ങളായി മുദ്രകുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

**അതിസാധാരണമായ പരിത്യാഗങ്ങൾ :**

1942 – ലെ ഈ രഹസ്യ വ്രതവാഗ്ദാനത്തിനു ശേഷം രണ്ടാം ലോകമഹായുദ്ധത്തിലെ

> **"അതൊരു സവിശേഷമായ വിളിയായിരുന്നു. ലൊറേറ്റോ കോൺവെന്റിന്റെ സുരക്ഷിതത്വം വിട്ട് തെരുവിലേക്കിറങ്ങാനും ഏറ്റവും പാവപ്പെട്ടവരെ സേവിക്കാനുമുള്ള വിളി."**

ഭാരതത്തിന്റെ പങ്കു ചേരൽ സ്കൂളിനെയും സന്യാസഭവനത്തെയും ബാധിച്ചു. ദൈവത്തിനു വേണ്ടി ഒന്നും നിരസിക്കാതിരിക്കുക എന്ന വ്രതം കൂടുതൽ പരീക്ഷണ വിധേയമായി. സെന്റ് മേരീസ് സ്കൂൾ സൈന്യത്തിന്റെ ഹോസ്പിറ്റലായി മാറി. എല്ലാ സന്യാസിനികളും അന്തേവാസികളും കൽക്കട്ട വിടേണ്ടി വന്നു. സ്കൂളിന്റെ ഇംഗ്ളീഷ് മീഡിയം സിംലയിലേക്കും ബംഗാളി മീഡിയം നൂറോളം പെൺകുട്ടികളോടു കൂടെ മൊറപ്പായിലേയ്ക്കും മാറ്റി. കുറച്ചു മാസങ്ങൾക്ക് ശേഷം അത് വീണ്ടും ബംഗാളിലേക്ക് തിരിച്ചെത്തി. സന്യാസിനികളുടെ എണ്ണക്കുറവുമൂലം നാലാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികളെ പഠിപ്പിച്ചിരുന്നത് മദർ തെരേസയായിരുന്നു. 1942 – 49 ലെ പട്ടിണിയും കാര്യങ്ങൾ അതീസങ്കീർണ്ണമാക്കി.

**1946 ലെ വർഗ്ഗീയ കലാപം**

അയ്യായിരത്തിലധികം ആളുകൾ തെരുവിൽ മരിച്ചു വീണു. ഭക്ഷണത്തിനുള്ള എല്ലാ സാധ്യതകളും അടഞ്ഞു. കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണത്തിനുവേണ്ടി മദർ കോൺവെന്റ് വിട്ടിറങ്ങി. തെരുവുമുഴുവൻ ശവശരീരങ്ങൾ വെട്ടിയും കുത്തിമലർന്നും കിടക്കുന്നു. രക്തം ഒഴുകി കട്ടപിടിച്ച റോഡുകൾ. സൈന്യം മദറിന്റെ വഴി തടഞ്ഞു. മൂന്നുറ് കുട്ടികളുടെ വിശപ്പിന്റെ ആവശ്യം മദർ അറിയിച്ചു. സൈന്യം അവരുടെ അന്നത്തെ ഭക്ഷണം മുഴുവനും

കോൺവെന്റിനു നൽകി.

### ‘The Call within a Call’

സെപ്തംബർ 1946 ൽ മദർ തെരേസ ഡാർജിലിംഗിലെയ്ക്ക് ധ്യാനത്തിന് വേണ്ടി ട്രെയിനിൽ യാത്രയായി. സെപ്തംബർ 10, 1946 ന് അവർക്ക് ഒരു അതീന്ദ്രിയ അനുഭവമുണ്ടായി. മദർ തെരേസ എഴുതുന്നു.. “അതൊരു സവിശേഷമായ വിളിയായിരുന്നു. ലൊറേറ്റോ കോൺവെന്റിന്റെ സുരക്ഷിതത്വം വിട്ട് തെരുവിലേക്കിറങ്ങാനും ഏറ്റവും പാവപ്പെട്ടവരെ സേവിക്കാനുമുള്ള വിളി.” 10 സെപ്തംബർ 1946 സൊസൈറ്റിയുടെ ആദ്യപ്രേരണയുമായി.

### ‘I thirst’

ട്രെയിൻ യാത്രക്കിടയിൽ അവർക്ക് ലഭിച്ച അനുഭവം ക്രിസ്തുവിന്റെ ദാഹം ശമിപ്പിക്കാനുള്ള വിളിയായിരുന്നു. ചാരിറ്റി മിഷനറിമാരുടെ പരമപ്രധാന ലക്ഷ്യം, സ്നേഹത്തിനും ആത്മാക്കൾക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ ദാഹം ശമിപ്പിക്കുക എന്നതായിരിക്കണം. “ക്രിസ്തുവിനെ കുടുംബങ്ങളിലേയ്ക്കും, തെരുവുകളിലേയ്ക്കും ചേരികളിലേയ്ക്കും, രോഗികളിലേയ്ക്കും, ഭിക്ഷകാരിലേയ്ക്കും, അനാഥരിലേയ്ക്കും, തെരുവു കുട്ടികളിലേയ്ക്കും നയിക്കുക, അവരിൽ ക്രിസ്തുവിനെ കാണുക”.

### ‘ദൈവശബ്ദം’

അതേ വർഷം സെപ്തംബറിൽ മദർ തെരേസ തന്റെ ആന്തരികതയിൽ ഈശോയോട് സംസാരിച്ചു തുടങ്ങിയിരുന്നു. ഈശോ നേരിട്ട് അവരോട് സംസാരിച്ചു. മറ്റ് വിശുദ്ധരെപ്പോലെ ഈശോ അവർക്ക് പ്രത്യേകം ദൗത്യം നൽകി. ഈ അതീന്ദ്രീയ അനുഭവത്തിന് മദർ തെരേസ തന്നെ പ്രത്യേക പേര് നൽകി. ‘The Voice’. മദർ തെരേസയുമായുള്ള പ്രത്യേക സംഭാഷണത്തിൽ, തന്റെ ഹൃദയം ദൈവം അവർക്ക് നൽകി. ആ ശബ്ദം, ലൊറേറ്റോ കോൺവെന്റിന്റെ സുരക്ഷിതത്വം വെടിഞ്ഞ്



ക്രിസ്തുവിന്റെ സ്നേഹവാത്സല്യങ്ങൾ പാവപ്പെട്ടവരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഉപകരണമാകാൻ അവരോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

## Wilt Thou Refuse?

സ്വതവേ കഠിനദ്ധ്വാനിയും, ധൈര്യശാലിയും, ഉദാരമതിയും പാവങ്ങളുടെ പക്ഷം പിടിക്കുന്നവളുമായ മദർ തെരേസ, ക്രിസ്തുവിന്റെ സ്വരമില്ലായിരുന്നുവെങ്കിൽ ഒരിക്കലും ആ കോൺവെന്റ് വിട്ട് ഇറങ്ങില്ലായിരുന്നു. പക്ഷേ ദൈവശബ്ദത്തിന്റെ നിർബന്ധങ്ങൾ അവളെ ചേരിയിലെത്തിച്ചു. ആദ്യം ഈ ശബ്ദം അവളെ വല്ലാതെ ഉലച്ചു. പുതിയ ദൈവ നിയോഗം അവളുടെ കഴിവിനൊത്തതല്ല എന്നൊരു ചിന്ത. പേടിയും, ചിന്താകുഴപ്പങ്ങളും കഠിനമായ വെല്ലുവിളികളും അവളെ അലട്ടി. കോൺവെന്റിനപ്പുറത്ത് ചേരിയിലൊരു വിദേശ വനിത താമസിക്കുന്നത് എല്ലാവരും ഒരു മനസ്സോടെ സ്വീകരിക്കണമെന്നില്ല. പക്ഷേ മദർ തെരേസയ്ക്ക് തന്റെ ഉള്ളിൽ നിറയുന്ന ദൈവശബ്ദം നിരസിക്കാനായില്ല.

### ദർശനങ്ങൾ

ഒരു വലിയ ആൾക്കൂട്ടം. അതിൽ എല്ലാത്തരക്കാരുമുണ്ട്. പാവപ്പെട്ടവരും കുട്ടികളും അടക്കം. അവരെല്ലാവരും എനിക്കുനേരെ കൈകൾ ഉയർത്തികൊണ്ടു പറഞ്ഞു. 'വരിക, വരിക, രക്ഷിക്കുക. ഈശോയെ തരിക'.

പിന്നെയും അതേ ആൾക്കൂട്ടം. അവരുടെ മുഖത്ത് വേദനയും വിഷാദവും ദൃശ്യമായിരുന്നു. അവർക്ക് നേരെ തിരിഞ്ഞു നിൽക്കുന്ന പരി. അമ്മയ്ക്ക് മുന്നിൽ ഞാൻ മുട്ടുകുത്തി. ഞാനമ്മയുടെ മുഖം കണ്ടില്ല. സ്വരം കേട്ടു. അവരെ സംരക്ഷിക്കുക. അവർ എന്റേതാണ്. അവർക്ക് ഈശോയെ നൽകുക. ഭയപ്പെടേണ്ട ജപമാല ചൊല്ലാൻ അവരെ പഠിപ്പിക്കുക. എല്ലാം ശരിയാകും. ഈശോയും ഞാനും നിന്റെ കുട്ടികളൊത്തും നിന്നൊടൊത്തും ഉണ്ടാകും.

വീണ്ടും അതേ ആൾക്കൂട്ടം. വലിയ അന്ധകാരത്തിലവർ മറഞ്ഞിരിക്കുന്നു. എന്നിട്ടും അവരെ കാണാം. ഈശോ കുരിശിലാണ്. മാതാവ് കുരിശനരികിൽ. ഞാനൊരു കുഞ്ഞിനേപ്പോലെ അവർക്ക് അരികിൽ. അമ്മയുടെ ഇടതുകരം എന്റെ ഇടതു തോളിലുണ്ട്. ഈശോ പറയുന്നു. 'ഞാൻ നിന്നോടു ചോദിച്ചു. എന്റെ അമ്മയും നിന്നോടു ചോദിച്ചു. അവരെ സംരക്ഷിക്കാനും എന്നിലേയ്ക്ക് കൊണ്ടുവരാനും നീ വിസമ്മതിക്കുമോ? ഇല്ല, ഞാൻ പറഞ്ഞു. ഒരു നിമിഷത്തിനുള്ളിൽ ഞാൻ പോകാനൊരുക്കമാണ്.

## It Costs a very good deal!

ദൈവസ്വരത്തെ പിൻതുടർന്ന് ജീവനുതുല്യം സ്നേഹിച്ച ലോറേറ്റോ കോൺവെന്റിന്റെ പടിയിറങ്ങി. ചേരിയിലേയ്ക്കുള്ള ശുശ്രൂഷ എളുപ്പമാക്കാൻ പാറ്റ്നയിലുള്ള മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ ഹോസ്പിറ്റലിലെത്തി. ആതുര ശുശ്രൂഷയുടെ അടിസ്ഥാനപാഠങ്ങൾ അഭ്യസിച്ചു. ഒക്ടോബർ 17, 1950 ന് Society of the Missionaries of Charity എന്ന സന്യാസസമൂഹം സ്ഥാപിക്കപ്പെട്ടു.

ചേരികളിലുള്ള ജീവിതം ദു:സ്സഹമായിരുന്നു. ഒരു പാട് ദൂരം നടക്കണം, അതിസാധാരണ ഭക്ഷണക്രമം, പലസമയത്തും അതിനുവേണ്ടിപോലും യാചിക്കേണ്ടി വരികയും ചെയ്തു. അതിനൊപ്പം പലർക്കും തങ്ങളുടെ പഠനം തുടരുകയും ചെയ്യേണ്ടിയിരുന്നു. കഠിനതരമായ ശൈലിയിൽ ഈ സന്യാസസമൂഹം മുന്നോട്ടുപോയി. ത്യാഗപ്രവർത്തനങ്ങൾക്കുള്ള ഒരവസരവും അവർ പാഴാക്കിയില്ല. ക്രിസ്തുവിനുവേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള ഏത് പ്രവർത്തനങ്ങളും ഒന്നൊഴിയാതെ സ്വീകരിക്കണമെന്ന് മദർ തെരേസ ശഠിച്ചു.

"ദൈവത്തിലേയ്ക്ക് ആത്മാക്കൾ സ്വീകരിക്കപ്പെടണമെങ്കിൽ, ഓരോ ദിവസവും മരിക്കാൻ തയ്യാറാകണം, ആത്മാക്കൾക്ക് വേണ്ടി ക്രിസ്തു നൽകിയ വില നൽകണം. ക്രിസ്തു നടന്ന വഴിയേ നടക്കണം". വെല്ലുവിളികളെ സഭ ഒരു പുഞ്ചിരികൊണ്ട് സ്വീകരിച്ചു. "സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു. വേദനിക്കുന്നവരെ സ്നേഹിക്കണം. ക്രിസ്തുവിന്റെ പീഢാനുഭവങ്ങളോട് ചേർക്കുമ്പോഴാണ് സഹനം ഒരു സമ്മാനമാകുന്നത്.

## "Darkness"

മദറിന്റെ ആന്തരികതയിലുള്ള അന്ധകാരവുമായ മൽപിടുത്തവും സഹനങ്ങളും പിന്നീട് പങ്കുവെച്ചത് ആർച്ച് ബിഷപ്പിനോടായിരുന്നു. അതിനൊരു മാസത്തിനുശേഷം അവർ Missionaries of Charity എന്ന സഭയിൽ നിത്യവ്രതവാഗ്ദാനം നടത്തി. കൂടെയുള്ള പത്ത് സന്യാസിനികൾ ആദ്യ വ്രതവാഗ്ദാനവും നടത്തി. അവരുടെ പ്രവർത്തനങ്ങളിലൂടെ വളരെപ്പെട്ടെന്ന് മാധ്യമശ്രദ്ധയും ജനശ്രദ്ധയും



**“സ്നേഹം ത്യാഗം ആവശ്യപ്പെടുന്നു. വേദനിക്കുന്നവരെ സ്നേഹിക്കണം. ക്രിസ്തുവിന്റെ പീഢാനുഭവങ്ങളോട് ചേർക്കുമ്പോഴാണ് സഹനം ഒരു സമ്മാനമാകുന്നത്.**

അവർ പിടിച്ചുപറ്റി. മദർ തെരേസയെ അതുലച്ചു. “നമുക്ക് ലഭിക്കുന്ന പ്രശംസകൾ എന്നെ ഭയപ്പെടുത്തുന്നു. ഇന്ന് സായാഹ്നത്തിൽ കേട്ട കുറച്ച് കാര്യങ്ങൾ എന്നെ ഭയചകിതയാക്കുന്നു. ദൈവം സംരക്ഷിക്കട്ടെ. എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ ഈ ലോകത്തിന്റേതല്ല; ഈ ലോകം എന്റേതല്ല”. മാധ്യമശ്രദ്ധ പിടിച്ചുപറ്റുമ്പോഴും, സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രവാചികയായി ലോകം വിലയിരുത്തുമ്പോഴും, അന്ധകാരവുമായുള്ള, മൽപ്പിടുത്തം തുടർന്നുകൊണ്ടിരുന്നു. അവരുടെ മന്ദസ്മിതം അകത്തു നടക്കുന്ന അഗാധമായ പോരാട്ടങ്ങളെയും, നിർവചിക്കാനാവാത്ത ആന്തരികതയും മായിച്ചു കളഞ്ഞു.

ജൂലായ് 3, 1959 ൽ ഫാ. പീക്കായ്ക്ക് എഴുതിയ കത്തിൽ അവർ അവരുടെ ആന്തരികത വിവരിക്കുന്നുണ്ട്. ചിതറിയ അക്ഷരങ്ങളിലൂടെ എഴുതിയ ഈ കത്ത് മനസ്സിലെ അന്ധകാരത്തെ തുറന്നുകാണിക്കുന്ന ഏറ്റവും പ്രധാന എഴുത്തായി കരുതപ്പെടുന്നു....

“ഞാനൊറ്റയ്ക്കാണ്. ആരും എനിക്കില്ല. കടുത്ത അന്ധകാരം. ഞാനൊറ്റയ്ക്കും. അനാഥ. പരിത്യക്തത. ഹൃദയത്തിന്റെ അനാഥത്വം സ്നേഹത്തിനുവേണ്ടിയുള്ള ദാഹം അദമ്യമാക്കുന്നു. എവിടെയാണ് എന്റെ വിശ്വാസം? എന്റെ ഉള്ളിൽ ശൂന്യതയും അന്ധകാരവും മാത്രം. ദൈവമേ! പേരറിയാത്ത ഈ വേദനയത്രയും കഠോരമാണ്. നിലക്കാതെ അത് വേദനിപ്പിക്കുന്നു. എന്റെ ഹൃദയത്തിൽ കുമിഞ്ഞുകൂടുന്ന വാക്കുകളും ചിന്തകളും എനിക്ക് ഉച്ചരിക്കാനാവുന്നില്ല. ഒരു പാട് ഉത്തരമില്ലാത്ത ചോദ്യങ്ങൾ എന്നിലുണ്ട്. എനിക്കത് പുറത്തറിയിക്കാൻ ഭയമാണ്......”

ക്രിസ്തുവിനോടുള്ള അഗാധമായ പ്രണയവും ആന്തരികവേദനകളും, നിറഞ്ഞ പുഞ്ചിരിയിൽ ഒതുക്കി നിറുത്തി, കൽക്കട്ടയിൽ നിന്നു പുറത്തേയ്ക്കും, ഇന്ത്യയ്ക്ക് വെളിയിലേയ്ക്കും ചാരിറ്റിയുടെ മിഷനറിമാർ പടർന്നു തുടങ്ങി.

മദർ തെരേസയുടെ ആത്മാവിൽ തീ കോരിയിട്ട അന്ധകാര അനുഭവങ്ങൾ അവരുടെ ജീവിതത്തെ ചുട്ടുപൊളിച്ചു. അതിനൊരു അർത്ഥമുണ്ടായിരുന്നു. ചേരിയിലവർ സേവിച്ച ജനങ്ങളുടെ അവസ്ഥയായിരുന്നു അവർ ഹൃദയത്തിൽ സ്വീകരിച്ചത്. അവർ അനാഥരായിരുന്നു, തിരസ്കൃതരായിരുന്നു, വിശ്വാസരഹിതരായിരുന്നു. ഇന്ന് മദർ തെരേസ അവരോട് ആത്മാവുകൊണ്ട് ഐക്യപ്പെട്ടു. അവർ അന്ധകാരത്തെ സ്നേഹിച്ചു തുടങ്ങി. ആത്മാവിലെ അന്ധകാരം കുറഞ്ഞുപോയില്ല; പക്ഷെ വലിയ സമാധാനത്തിലേയ്ക്കും, ശാന്തമായി അതിനെ സ്വീകരിക്കാനും അവർക്ക് കഴിഞ്ഞു. കഴിഞ്ഞ ഇരുപതു വർഷമായി ഇപ്പോൾ മദർ തെരേസ തന്റെ നിശബ്ദവ്രതവുമായി ജീവിക്കാൻ തുടങ്ങിയിട്ട് - ‘not to Refuse anything to God.’

**‘I want only to be a Real Missionary of Charity’**

പത്മശ്രീ അവാർഡ് ആയിരുന്നു മദറിനു ലഭിച്ച ആദ്യത്തെ ശ്രദ്ധേയ പുരസ്കാരം. ഇതൊന്നും മദറിനെ അഹങ്കാരിയാക്കിയില്ല എന്നു മാത്രമല്ല, അതിനും ഉയരെ നിൽക്കാൻ അവരെ വളർത്തിയിരുന്നു. മദറിന്റെ ധ്യാനഗുരു പറയുന്നതുപോലെ "ക്രിസ്തുവുമായുള്ള ഒന്നുചേരൽ മദറിനെ പ്രശംസയ്ക്കും അധിക്ഷേപങ്ങൾക്കും മുകളിലെത്തിച്ചിരുന്നു. വലിയ അവാർഡുകളും പ്രശംസകളും തേടി എത്തിയപ്പോഴും അതൊരിക്കലും അവരെ സ്വാധീനിച്ചില്ല. എല്ലാം ക്രിസ്തുവിന് നൽകിക്കഴിഞ്ഞിരുന്നു. സ്വന്തം അസ്തിത്വം പോലും. മറ്റു സന്യാസിനികളും സൂക്ഷിക്കേണ്ട ഏറ്റവും പ്രധാന ആത്മീയതയാണത്."

**ക്രിസ്തുവിന്റെ സ്നേഹമില്ലാത്ത ദുരന്ത - ലോകം**

സ്നേഹം വിതയ്ക്കാനുള്ള മദറിന്റെ പ്രവർത്തനങ്ങൾക്ക് വിദ്വേഷവിത്തുകൾ വിഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. പാവപ്പെട്ടവന്റെ സഹനങ്ങൾക്കൊപ്പം അവരുടെ സഹാനുഭൂതിയും വർദ്ധിച്ചു വന്നു. നൂറിലധികം പേർ വധിക്കപ്പെടുകയും നാനൂറിലധികം പേർ പരിക്കേൽക്കുകയും ചെയ്ത 1964 ലെ കലാപത്തിൽ മദർ കണ്ടത് പാപത്തിന്റെ ഏറ്റവും കടുത്ത പ്രതിഫലനങ്ങളാണ്. "ഒരു രാത്രി കൊണ്ടു, ആയിരക്കണക്കിനാളുകൾ ഭവനരഹിതരാവുന്നത് ഹൃദയഭേദകമാണ്. ഹിന്ദുക്കളും മുസ്ലീംകളും തമ്മിൽ പ്രശ്നങ്ങളുണ്ട്. ഞങ്ങളുടെ ആളുകൾക്ക് വേണ്ടി പ്രാർത്ഥിക്കുക. പാപത്തിന് എന്തു മാത്രം നാശം വിതക്കാൻ കഴിയും? ക്രിസ്തുവിന്റെ സ്നേഹമില്ലാത്ത ലോകം അതികഠിനമാണ്. എനിക്കറിയില്ല, എന്തുകൊണ്ട് അവർ ഇങ്ങനെ ചെയ്യുന്നതെന്ന്. എന്തുകൊണ്ട് പാവപ്പെട്ടവർക്ക് ഇത്രമാത്രം വേദനയുണ്ടാകുന്നു? അവർക്ക് വേണ്ടി പ്രാർത്ഥിക്കുക."

**'I have never had a doubt'**

നീ എനിക്കുവേണ്ടി ഇത് ചെയ്യുമോ? എന്നൊരു ചോദ്യമാണ് സെപ്തംബർ10, 1946 ലെ ഡാർജിലിംഗിലേയ്ക്കുള്ള ട്രെയിൻ യാത്രമദ്ധ്യേ ഈശോ അവരോട് ചോദിച്ചത്. ക്രിസ്തുവുമായുള്ള ഈ കൂടികാഴ്ചയിലൂടെ മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസ സമൂഹത്തിനുള്ള വിളിയും ദൗത്യവും സ്വന്തമാക്കിയിരുന്നു. 'അന്ധകാരത്തിന്റെ' വർഷങ്ങളിലൂടെ അത് ക്രിസ്തുവിന്റെ പ്രവർത്തനങ്ങളാണെന്ന് അവർ



മനസ്സിലാക്കിയിരുന്നു. ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്ന തോന്നലുണ്ടായപ്പോൾ പോലും, ഒരിക്കലും ആ ദിവ്യാനുഭൂതിയുടെ ആധികാരികത നഷ്ടപ്പെട്ടിരുന്നില്ല. പലവുരു ഇതിനെകുറിച്ച് ചോദിച്ച പത്രപ്രവർത്തകരോട് അവർ പറഞ്ഞു.

“ഇല്ല. ഇതിലൊരു സംശയവുമില്ല. നിങ്ങളത് സ്വീകരിക്കുന്ന നിമിഷം, അതിലേയ്ക്ക് സമർപ്പിക്കുന്ന നിമിഷം, അതാണ് ഏറ്റവും വലിയ ബോധ്യം. പിന്നെ, അതിലൊരു സംശയവുമില്ല. പക്ഷേ അത് നിങ്ങൾക്ക് മരണയാതനയായിരിക്കാം...”

**“ദൈവത്തോടും മരണത്തോടും ഒടുങ്ങാത്ത ആഗ്രഹം”**

ഏതൊരു സാഹചര്യത്തിൽ നിന്നും നന്മമാത്രം ഒരുക്കിയെടുക്കാനുള്ള ദൈവപരിപാലനയുടെ ആഴത്തിൽ വിശ്വസിച്ചിരുന്ന മദർ തെരേസ, ഓരോ യാതനകളും ആത്മീയ ഉയർച്ചയ്ക്ക് വേണ്ടിയുള്ളതാക്കി. ദൈവത്തിനുവേണ്ടിയുള്ള അവരുടെ ആഗ്രഹം മുന്നേറുന്നതിനനുസരിച്ചു തന്നെ ദൈവവുമായുള്ള വികർഷണവും അവർ അതീവ വേദനയോടെ തിരിച്ചറിഞ്ഞു. നിരന്തരമായ ഈ പോരാട്ടങ്ങൾക്കൊടുവിൽ ദൈവത്തിനുവേണ്ടിയുള്ള ദാഹവും മനുഷ്യരുടെ പിൻതുണയും അവർ ആഗ്രഹിച്ചു. ദൈവത്തിനുള്ള മോഹവും മരണത്തിനുവേണ്ടിയുള്ള ആഗ്രഹവും ഒരെ നാണയത്തിന്റെ ഇരുവശങ്ങളായിരുന്നു. അവർക്ക് മരണമെന്നാൽ ‘ദൈവഭവനത്തിലേയ്ക്കുള്ള യാത്രയായിരുന്നു’. ക്രിസ്തുവിനുവേണ്ടിയുള്ള ആഗ്രഹം തീവ്രമാവുകയും ദൈവവുമായി ഒന്നുചേരാൻ കൊതിക്കുകയും ചെയ്തു.

**‘ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുന്നതിൽ സന്തോഷിക്കുക’.**

ഇപ്പോൾ, ഇരുപത് വർഷത്തിലധികമായി മദർ തെരേസ അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട്. വളരെ വിരളമായേ, അവർ തന്റെ ആന്തരിക പോരാട്ടങ്ങളെ പുറത്തറിയിച്ചുള്ളൂ. പക്ഷേ അതിനെ പുറംലോകത്തിലെ മനുഷ്യ സഹനങ്ങളെയും ക്രിസ്തുവിന്റെ സഹനങ്ങളുമായി അവൾ ബന്ധിപ്പിച്ചിരുന്നു. അവളുടെ ഹൃദയം ക്രിസ്തുവുമായി ഒന്നായിരുന്നു. അവന്റെ മുറിവുകൾ അവളുടെ ആത്മാവിലെ മുറിവുകളായി. അവൾ സ്നേഹിച്ചിരുന്നവരുടെ സഹനങ്ങളുമായി അതൊത്തുചേരുകയും മനുഷ്യസഹനങ്ങൾ ദൈവത്തിന്റെ സഹനങ്ങളോട് ചേർത്തു വെയ്ക്കുകയും ചെയ്തു. “വിശ്വാസത്തിന്റെ ദീപം തെളിച്ചു വെക്കുക, ക്രിസ്തു മാത്രമേ ദൈവത്തിലേയ്ക്കുള്ള ഏക പാത. അവൻ മാത്രമേ ഹൃദയത്തിൽ ജീവിക്കുന്നുള്ളൂ. അന്ധകാരത്തെ അകറ്റുന്ന വെളിച്ചം അവൻ മാത്രമാണ്. ഭയപ്പെടേണ്ട, ക്രിസ്തു നമ്മെ നിരാശരാക്കില്ല”.

**അവന്റെ കൈയിലെ ഉപകരണങ്ങൾ**

1975 ൽ, മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസി സമൂഹം ആയിരത്തിലധികം സന്യാസിനികളും പതിനഞ്ച് രാജ്യങ്ങളിലായി 85 പ്രസ്ഥാനങ്ങളുമായി രജത ജൂബിലിയ്ക്ക് തയ്യാറെടുത്തു. തുടർന്നുള്ള വർഷങ്ങൾ ലോകത്താകമാനം ഈ സമൂഹം പടർന്നു പന്തലിക്കുന്നതും കൽക്കത്തയിലെ ചേരികളിൽ

> **“ഇല്ല. ഇതിലൊരു സംശയവുമില്ല. നിങ്ങളത് സ്വീകരിക്കുന്ന നിമിഷം, അതിലേയ്ക്ക് സമർപ്പിക്കുന്ന നിമിഷം, അതാണ് ഏറ്റവും വലിയ ബോധ്യം. പിന്നെ, അതിലൊരു സംശയവുമില്ല. പക്ഷേ അത് നിങ്ങൾക്ക് മരണയാതനയായിരിക്കാം...”**

മദറിന്റെ പ്രവർത്തങ്ങൾ കൂടുതൽ മാധ്യമശ്രദ്ധ ആകർഷിക്കുന്നതുമാണ് നാം കാണുന്നത്. ആറ് വർഷങ്ങളധികമായി അവരൊന്നും എഴുതിയില്ലെങ്കിലും അവളുടെ ആത്മാവിൽ “അന്ധകാരം’ അനുകമ്പയില്ലാതെ പെരുമാറിയിരുന്നു.

**ഈശോയുടെ മുത്തങ്ങൾ**

ദൈവത്തെ കണ്ടുമുട്ടാൻ മദർ തെരേസ തെരെഞ്ഞെടുത്ത ഏറ്റവും പ്രധാന മാർഗ്ഗം സഹനങ്ങളിലൂടെ ആയിരുന്നു. സങ്കടങ്ങൾ, സഹനം എല്ലാം ഈശോയുടെ തൊട്ടരികിൽ അവന് ചുംബിയ്ക്കാനടുത്ത് നിൽക്കുന്നു എന്നതാണ്. സഹനത്തിനുള്ള ഏറ്റവും നല്ല നിർവചനമാണത്. ക്രിസ്തു ചുംബിയ്ക്കാനായുമ്പോൾ അതിയായി സന്തോഷിക്കുക. എനിക്കു തോന്നുന്നു, നമ്മളവന് ഏറ്റവും അടുതാണെന്ന്”. അവർ എപ്പോഴും ഉപദേശിക്കുമായിരുന്നു. “ഞാൻ ക്രൂശിതന്റെ വധുവാണെങ്കിൽ അവൻ എന്നെ ചുംബിക്കണം. തീർച്ചയാണ്, ആണികൾ എന്നെ വേദനിപ്പിക്കും. ഞാൻ ആ മുൾക്കിരീടത്തിനരികിലെത്തുമ്പോൾ അതെന്നെ മുറിവേൽപ്പിക്കും”.



“ഒരു ദിവസമെങ്കിലും അവരെ സന്ദർശിക്കാൻ അവരുടെ മക്കൾ വരു മെന്നോർത്താണ്”. മക്കളുടെ മറവി അവരെ വേദനിപ്പിക്കുന്നു. സ്നേഹം ഇതാണ്. ഒരുപക്ഷേ, നിങ്ങളുടെ കുടുംബത്തിൽ ഒരാൾ ഒറ്റപ്പെട്ടിരിക്കും, സങ്കട പ്പെട്ടിരിക്കും, അസ്വ സ്ഥമായിരിക്കും. അവരെ സ്വീകരിക്കാൻ ഒരുക്കമാണോ?

’ഞാനല്ല; ക്രിസ്തു എന്നിൽ ജീവിക്കുന്നു’.

ദൈവം ഇന്ന് ഈ ലോകത്തെ സ്നേഹിക്കുന്നത് എന്നിലൂടെയും നിന്നിലൂടെയുമാണ്. ഏത് സന്യാസ സമൂഹത്തെയും അവർ വിളിച്ചിരുന്നത് ’സക്രാരി’ എന്നായിരുന്നു. ഓരോ കോൺവെന്റും ഓരോ ദേവാലയവും, അതിൽ ജീവന്റെ അപ്പം ഭക്ഷിച്ച്, സന്യാസിനികൾ ഏറ്റവും പാവപ്പെട്ടവരിൽ ക്രിസ്തുവിന്റെ മുഖം തേടിയാത്രയായി. പ്രാർത്ഥനയും സേവനങ്ങളും ഈ രണ്ടു കാര്യങ്ങൾ മുൻനിർത്തിയായിരുന്നു. മദർ പറഞ്ഞു ”We are not social workers. we are contemplatives in the heart of the world. We are 24 hours a day with desin”. പരി. അമ്മ മദർ തെരേസയ്ക്ക് എന്നും വലിയൊരു പ്രചോദനമായിരുന്നു. പ്രാർത്ഥനയിലും സേവനത്തിലും മാത്രമല്ല, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും.

## ‘You did it to me’

നവംബർ 1979 ൽ നാലാം ജനറൽ ചാപ്റ്ററിൽ വെച്ച് മദർ തെരേസ വീണ്ടും സുപ്പീരിയർ ജനറൽ ആയി തെരെഞ്ഞെടുക്കപ്പെട്ടു. സാധാരണസന്യാസിനിയായി കഴിയാനായിരുന്നു താൽപര്യമെങ്കിലും അത് ദൈവത്തിന്റെ ഇഷ്ടമായി പരിഗണിച്ചു. അവർ സ്വീകരിച്ചു. 11 ഡിസംബർ 1979 ന് സമാധാനത്തിനുവേണ്ടിയുള്ള നോബേൽ പുരസ്കാരത്തിന് അവർ അർഹയായി. ’കൽക്കട്ട’ ലോകത്ത് എല്ലായിടത്തുമുണ്ടെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. 1947 ൽ മൂന്ന് ദർശനങ്ങളുണ്ടായതുപോലെ ദാരിദ്രത്തിന് വിവിധ തലങ്ങളുണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. ഭൗതികം, സാമൂഹികം, ആത്മീയം. ഭൗതികമായ ദാരിദ്ര്യം മാത്രമല്ല, മറ്റ് ദാരിദ്രങ്ങളും ലോകത്തിലെ സമ്പന്ന രാഷ്ട്രങ്ങളിലും അതുണ്ടെന്ന് അവർ അറിഞ്ഞു.

“ഞാനൊരു ഭവനം സന്ദർശിച്ചു. അവർ പ്രായമേറിയവരാണ്. അവർക്ക് എല്ലാം ഉണ്ട്. പക്ഷേ അവർ ആ വാതിലിലേയ്ക്ക് നോക്കിയിരുന്നു. ഞാൻ അവിടുത്തെ സന്യാസിനികളോട് ചോദിച്ചു; ഇവർക്ക് എല്ലാം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് വാതിൽക്കലിലേയ്ക്ക് നോക്കിയിരിക്കുന്നത്? എന്തുകൊണ്ടാണ് അവർ പുഞ്ചിരിക്കാത്തത്? അവർ പറഞ്ഞു, “ഒരു ദിവസമെങ്കിലും അവരെ സന്ദർശിക്കാൻ അവരുടെ മക്കൾ വരുമെന്നോർത്താണ്”. മക്കളുടെ മറവി അവരെ വേദനിപ്പിക്കുന്നു. സ്നേഹം ഇതാണ്. ഒരുപക്ഷേ, നിങ്ങളുടെ കുടുംബത്തിൽ ഒരാൾ ഒറ്റപ്പെട്ടിരിക്കും, സങ്കടപ്പെട്ടിരിക്കും, അസ്വസ്ഥമായിരിക്കും. അവരെ സ്വീകരിക്കാൻ ഒരുക്കമാണോ?

പടിഞ്ഞാറൻ രാജ്യങ്ങളിൽ യുവജനങ്ങൾ മയക്കുമരുന്നുകൾക്ക് അടിമയാവുന്നത് എന്നെ അത്ഭുതപ്പെടുത്തി. അവരെ കുടുംബത്തിൽ സ്വീകരിക്കാൻ അവിടെ ആരുമില്ലായിരുന്നു. മാതാപിതാക്കൾ തിരക്കിലാണ്. അവർക്ക്

സമയമില്ല. അവർ തെരുവിലിറങ്ങി എന്തൊക്കെയൊ ചെയ്യുന്നു. സമാധാനം ഇങ്ങനെയാണ് തകരുന്നത്.

സമാധാനത്തിന്റെ അതികഠിനമായ വെല്ലുവിളി അബോർഷൻ. അതൊരു യുദ്ധമാണ്. കൊലയാണ്, കൊലപാതകി അമ്മയാണ്. ബൈബിളിൽ വായിക്കുന്നു; പെറ്റമ്മ നിന്നെ മറന്നാലും ഞാൻ നിന്നെ മറക്കില്ല. നിന്നെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിറക്കാതെ പോയ ആ കുഞ്ഞ് ദൈവകരങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഇൻഡ്യയിലും ആഫ്രിക്കയിലുമുള്ള കുട്ടികളുടെ മരണത്തിൽ ഒരുപാട് സന്ദേഹങ്ങളുണ്ട്. ചിലപ്പോൾ പോഷകാഹാരക്കുറവുകൊണ്ടാകാം, വിശപ്പുകൊണ്ടാകാം. പക്ഷേ അമ്മമാരിലൂടെ അനേകം കുഞ്ഞുങ്ങൾ വധിക്കപ്പെടുന്നു. സമാധാനത്തിനുള്ള ഏറ്റവും വലിയ വെല്ലുവിളിയാണത്. ഒരമ്മയ്ക്ക് തന്റെ കുഞ്ഞിനെ വധിക്കാമെങ്കിൽ, എനിക്ക് നിന്നെയും, നിനക്ക് എന്നെയും വധിക്കാം. നമുക്ക് ഈ വർഷം, ഓരോ കുഞ്ഞിനെയും പിറവിയെടുക്കാം, സ്വീകരിക്കാം.

ഞങ്ങൾ അഴുക്ക് ചാലിൽ നിന്ന് പുഴുക്കൾ പകുതി തിന്ന മനുഷ്യനുമായി വീട്ടിലെത്തി. അയാൾ പറഞ്ഞു ''ഞാനൊരു മൃഗത്തെപ്പോലെ തെരുവിൽ കഴിഞ്ഞു. ഞാനിപ്പോൾ ഒരു മാലാഖയെപ്പോലെ മരിക്കും; സ്നേഹിക്കപ്പെട്ടും, ആശ്വസിപ്പിക്കപ്പെട്ട''. സുന്ദരമായിരുന്നു ആ മനുഷ്യന്റെ വാക്കുകൾ. ആരെയും വേദനിപ്പിക്കാതെയും പരാതിപ്പെടാതെയും ഒന്നിനൊടും തുലനം ചെയ്യാതെയും അയാൾ കടന്നുപോയി, ഒരു മാലാഖയെ പോലെ. അതാണ് നമ്മുടെ ജനത്തിന്റെ മാഹാത്മ്യം.

അതുകൊണ്ടാണ് ഞങ്ങൾ ക്രിസ്തു പറഞ്ഞതിൽ വിശ്വസിക്കുന്നത്. ''ഞാൻ വിശക്കുന്നവനായിരുന്നു, ഞാൻ നഗ്നനായിരുന്നു, ഞാൻ ഭവനരഹിതനായിരുന്നു, ഞാൻ അനഭിമതനായിരുന്നു, സ്നേഹരഹിതനായിരുന്നു, സംരക്ഷിക്കപ്പെടാത്തവനായിരുന്നു, നിങ്ങൾ എനിക്കുവേണ്ടി അത് ചെയ്തു''. (നോബൽ സമ്മാനം സ്വീകരിച്ചുകൊണ്ടുള്ള പ്രസംഗം)

തിരസ്കരിക്കപ്പെട്ടവരോടും അവഗണിക്കപ്പെട്ടവരോടും മദർ തെരേസയ്ക്ക് സഹാനുഭൂതിയായിരുന്നു. അനാഥമന്ദിരങ്ങളിൽ ഉപേക്ഷിക്കപ്പെട്ട മാതാപിതാക്കൾ, ഒറ്റപ്പെട്ടുപോയ യുവജനങ്ങൾ, പിറക്കാതെ പോയവർ. ''ജനിക്കാതെ പോയ കുഞ്ഞുങ്ങൾ, ഏറ്റവും പാവപ്പെട്ടവർ, ഏറ്റവും തിരസ്കൃതർ, ഏറ്റവും നിരസിക്കപ്പെട്ടവർ, സമൂഹത്തിന്റെ ചവറ്റുകൊട്ടയിലുള്ളവർ''.

നോബൽ സമ്മാനം അങ്ങനെ അനേകർക്ക് പാവങ്ങളിലേക്കുള്ള വഴിയായി. പാവപ്പെട്ടവരെ സേവിക്കുന്നതിനുള്ള സ്നേഹത്തിനും കൂടുതൽ തീവ്രതയ്ക്കും വേണ്ടി പ്രാർത്ഥിക്കാനുള്ള അവസരവുമായി. അനേകം രാഷ്ട്രീയ തലവന്മാരൊത്തുള്ള സംഭാഷണങ്ങളും സന്ദർശനങ്ങളും മാധ്യമങ്ങളുടെ ദൃഷ്ടിയിൽ അവരെ അതുല്യയാക്കി. അതിനെക്കുറിച്ച് അവർ ഇങ്ങനെ പിന്നീട് പറഞ്ഞു. ''ദൈവം എനിയ്ക്ക് വലിയ കൃപ നൽകിയിട്ടുണ്ട്. അത് എന്റെ



'നിസ്സാരതയാണ്'. ദൈവം എന്നേക്കാളും ഒരു പാവപ്പെട്ട സ്ത്രീയെ കണ്ടിരുന്നെങ്കിൽ, ദൈവം എന്നെയല്ല, അവരെ തെരെഞ്ഞെടുത്തേനെ".

**ഏറ്റവും വലിയ രോഗം : സ്നേഹരാഹിത്യവും തിരസ്കാരവും**

ക്രിസ്തുവിന്റെ സ്നേഹം നമ്മേക്കാൾ വലുതാണെന്ന ഉറപ്പ്; ആന്തരിക അന്ധകാരത്തെയും ഒന്നുമില്ലാത്തതിന്റെയും വേദനകൾ മറികടക്കാൻ പോരുന്നതായിരുന്നു. ഈ അവസ്ഥയിലാണ്, വിശ്വാസമില്ലായ്മ, സ്നേഹരാഹിത്യം, അഭയരാഹിത്യം തുടങ്ങിയ ആന്തരിക അന്ധകാരത്തെ മറികടന്നുകൊണ്ട് അവർ പ്രാർത്ഥിച്ചത്. എന്റെ ഹൃദയത്തിലെ ക്രിസ്തു, വിശ്വസ്തമായ അങ്ങയുടെ സ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു.

1980 ലെ റോമിൽ വെച്ച് മെത്രാൻമാരുടെ സിനഡിൽ സംസാരിക്കാൻ ക്ഷണിച്ചിരുന്നു. ക്രിസ്തു തന്നെ പാവപ്പെട്ടവരിലേയ്ക്ക് മറ്റുള്ളവരെ ഇറക്കാനുള്ള ഉപാധിയാക്കുന്നത് മദർ തിരിച്ചറിഞ്ഞിരുന്നു. അവർ സംസാരിച്ചത് അവരുടെ പ്രവർത്തനങ്ങളായിരുന്നു. അവർ പറഞ്ഞു. "അടുത്തിടെ ഒരു മനുഷ്യൻ വഴിയരികിൽ എന്നെ കണ്ടുമുട്ടി. അയാൾ ചോദിച്ചു. നിങ്ങളാണോ മദർ തെരേസ? അതെ. ഞാൻ പറഞ്ഞു. ആരെയെങ്കിലും എന്റെ വീട്ടിലേക്ക് അയക്കുക. എന്റെ ഭാര്യ ചെറിയൊരു മാനസിക രോഗിയാണ് ഞാൻ പകുതി അന്ധനും. പക്ഷേ, ഞങ്ങൾക്ക് ഒരു മനുഷ്യന്റെ സ്വരം കേൾക്കണമെന്ന് അതിയായ ആഗ്രഹമുണ്ട്. അവർ സമ്പന്നരായിരുന്നു. അവർക്കെല്ലാം ഉണ്ട്. പക്ഷേ, അവർക്ക് ഏകാന്തത അസഹനീയമായിരുന്നു. മനുഷ്യസ്വരത്തിനു വേണ്ടി അവർ ജീവനോളം കൊതിച്ചിരുന്നു.

നമുക്കെങ്ങനെ അറിയാം, അത്തരത്തിലൊരാൾ നമുക്കരികിലുണ്ടെന്ന്? എങ്ങിനെ അവരെ അറിയാം? അവരെവിടെയാണ്? നമ്മുക്കവരെ കണ്ടുപിടിക്കാം, അവരെ സ്നേഹിക്കാം. അവരെ സ്നേഹിക്കുന്നതാണ് ഏറ്റവും വലിയ ശുശ്രൂഷ........ പാവപ്പെട്ട മനുഷ്യർ വലിയ മനുഷ്യരാണ്. അവർക്ക് ദയയും സഹതാപവും ആവശ്യമില്ല. അവർക്കാവശ്യം സ്നേഹവും ആദരവുമാണ്. അവരോട് പറയാൻ കഴിയണം അവർ നമുക്ക് ആരെന്ന്. ഒരേ ദൈവത്തിന്റെ കരങ്ങളാണ് നമ്മെ ഇരുവരെയും സൃഷ്ടിച്ചതെന്നും"....

**ഞാനല്ല; ക്രിസ്തു**

അവസാന രണ്ട് ദശകങ്ങൾ മദർ തെരേസയുടെ ജീവിതം ആരോഗ്യത്തെ തൃണവത്ഗണിച്ചുകൊണ്ടുള്ള കടുത്ത പ്രവർത്തനങ്ങളിലായിരുന്നു. അസാധാരണമായ ഉന്മേഷത്തോടെ ലോകം മുഴുവൻ ദൈവത്തിന്റെ സ്നേഹവും, പാവങ്ങളിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യവും അവർ പ്രഘോഷിച്ചു. ദൈവത്തോടുള്ള തീക്ഷണതയും സ്നേഹവും നിസീമവും. ലോകം മുഴുവൻ ഫൗണ്ടേഷനുകൾ സ്ഥാപിക്കുന്നതിൽ അവർ അതീവ ഉന്മേഷവതിയായിരുന്നു. മദറിന്റെ സാന്നിധ്യവും വാക്കുകളും വളരെ വലിയ ചലനങ്ങളുണ്ടാക്കി. 1985–ൽ യു.എൻ. സെക്രട്ടറി ജനറൽ ലോകത്തിലെ ഏറ്റവും ശക്തിയായ സ്ത്രീ എന്ന് മദർ തെരേസയെ വിളിച്ചു. പക്ഷേ ശക്തമായ 'അന്ധകാര സാന്നിദ്ധ്യം' അവശേഷിച്ചു.

**ക്രിസ്തു : ഞാൻ തെളിക്കുന്ന വെളിച്ചം**

പ്രശ്ന ബാധിത പ്രദേശങ്ങളിലേയ്ക്ക് കടന്നെത്തുന്നതിൽ അവർക്ക് യാതൊന്നും പ്രതിബന്ധമായില്ല. ഓഗസ്റ്റ് 1982 ന് യുദ്ധഭൂമിയായ ലെബനനിൽ നിന്ന് മദർ സിസ്റ്റർമാർക്കെഴുതി. "......പരി. അമ്മയുടെയും ഈശോയുടെയും ചിത്രമുള്ള വലിയൊരു ഈസ്റ്റർ മെഴുകുതിരിയുമായെത്തി. ബോംബാക്രമണം വ്യാഴാഴ്ച അതികഠിനമായിരുന്നു. ഞാൻ ആ മെഴുകുതിരി 4 – 5 pm യോട് കൂടെ കത്തിച്ചു. എല്ലാം പെട്ടെന്ന് നിന്നു. അതിനുശേഷം മനോഹരമായ ശാന്തതയാണ്".

1983 ൽ റോമിൽ വെച്ച് അവർ കിടക്കയിൽ നിന്ന് വീണ് ആശുപത്രിയിലായി. അവിടെയിരുന്ന് അവർ യേശുവിന്റെ ചോദ്യത്തിന് ഉത്തരം തേടി : നിങ്ങൾ എന്തു പറയുന്നു; ഞാനാരെന്ന്? (മത്താ 16 /15)

To Me

..... Jesus is my God

Jesus is my Spouse

Jesus is my Life

Jesus is my only God......

അസുഖങ്ങളിൽ നിന്ന് പൂർണമായും രോഗവിമുക്തയായില്ലെങ്കിലും അവൾ വീണ്ടും സജീവമാവുകയും കൂടുതൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തനം തുടരുകയും ചെയ്തു. ദൈവത്തോട് 'Yes' പറഞ്ഞും, എല്ലാവരോടും വലിയൊരു പുഞ്ചിരിയോടും അവർ മുന്നോട്ട് പോയി. ജീവിതാവസാനം വരെയും ഈ തിരക്കു പിടിച്ച ജീവിതവും, നാലാം വ്രതത്തിനനുസൃതമായ

പാവപ്പെട്ടവരോടുള്ള അതീവ കരുണയും കരുതലും തുടർന്നു കൊണ്ടിരുന്നു.

## 'A Witness to the Primacy of Love'

ജീവിതത്തിലുടനീളം മദർ തെരേസ മനുഷ്യദുരിതവുമായി നേരിട്ട് ഇടപെഴുകിയിരുന്നെങ്കിലും അതവരെ മടിപ്പിച്ചില്ല. ഓരോ സഹനങ്ങളും അവരെ അത്ഭുതപ്പെടുത്തി. അവരെപ്പോഴും പറയും. "I have never seen so much suffering". പാവപ്പെട്ടവരുടെ നിശബ്ദമായി സഹിക്കാനുള്ള കഴിവ് മദർ തെരേസയെ അത്ഭുതപ്പെടുത്തി. അതവർക്ക് വലിയ പ്രേരണയായിരുന്നു.



അനവധി അവാർഡുകൾ പെരുമഴ പെയ്തെങ്കിലും, കൽക്കത്തയിലെ 'നിർമൽ ഹൃദയ്' ആശ്രമത്തിലേയ്ക്ക് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വരവ് ഏറ്റവും വലിയ ബഹുമതിയായി മദർ തെരേസ കണക്കാക്കി. 3 ഫെബ്രുവരി 1986 ൽ ഓരോ രോഗിയേയും സന്ദർശിച്ച് മാർപ്പാപ്പ ഇങ്ങനെ ഉപസംഹരിച്ചു. "നിർമ്മൽ ഹൃദയ് ആശ്രമത്തിൽ, സ്നേഹത്തിന് പരമപ്രാധാന്യം നൽകുന്നിടത്താണ് എന്റെ പ്രഥമ സന്ദർശനമെന്നതിൽ ഞാൻ സന്തോഷിക്കുന്നു. മദർ തെരേസയിലൂടെയും, സമൂഹം ഏറ്റവും ചെറിയവരെന്ന് കരുതുന്ന ഈ എളിയ സഹോദരങ്ങളിൽ ക്രിസ്തു ഏറ്റവും മനോഹരമായി സ്നേഹിക്കപ്പെടുന്നു. ഇതൊരു സഹനത്തിന്റെയും, കഠിനവേദനയുടെയും പരിണിത സ്ഥലമാണ്. മരണാസന്നർക്കും പരിത്യക്തർക്കും വേണ്ടിയുള്ള ഭവനം. പക്ഷേ, ഇതൊരു പ്രത്യാശയുടേയും, ധൈര്യത്തിലും വിശ്വാസത്തിലും പണിയപ്പെട്ടവരും, സ്നേഹം ഭരിക്കുകയും നിറയുകയും ചെയ്യുന്ന സ്ഥലം കൂടെയാണ്".

ആധുനിക കാലഘട്ടത്തിന്റെ സഹനങ്ങളുടെ പുതിയ രൂപങ്ങളോടും അവർ സ്നേഹപൂർവ്വം പ്രതികരിച്ചിരുന്നു. "എയിഡ്സിനു എതിരെയുള്ള അവരുടെ പ്രവർത്തനങ്ങൾ ഫലം ചൂടുന്നു. ആരും ക്രിസ്തുവിനെ കൂടാതെ മരിച്ചിട്ടില്ല. ലോകം മുഴുവൻ പാവപ്പെട്ടവരുടെയിടയിൽ ധാരാളം സഹനങ്ങളുണ്ട്. ഞങ്ങളിപ്പോൾ 77 രാജ്യങ്ങളിലായി 350 ഭവനങ്ങളിലായുണ്ട്. പാവപ്പെട്ടവർ എല്ലാ ഭാഗങ്ങളിലൂടെയും സ്വർഗ്ഗത്തിലെത്തുന്നു".

## 'People are so hungry for God'

1989 ൽ അവസാനത്തോടുകൂടെ ഒരു പുതിയ ഘട്ടത്തിലേയ്ക്ക് മദർ തെരേസയുടെ ജീവിതം നീങ്ങി. ഡിസംബർ 1989 ൽ പേസ്മേക്കർ സ്ഥാപിച്ച ശേഷം അവരെഴുതി "എന്റെ അസുഖത്തിലെ ഏറ്റവും നല്ല കാര്യം, ലോകം മുഴുവൻ ഒരേ ദൈവത്തോട് പ്രാർത്ഥിച്ചു എന്നതാണ്". മദറിന് ഏറ്റവും താൽപര്യം ജനം ദൈവത്തോട് അടുക്കണം, അതിന് തന്റെ അസുഖം കാരണമായെങ്കിൽ അവൾ കൃതാർത്ഥയായി.

1990 കളിൽ കിഴക്കൻ യൂറോപ്യൻ കമ്മ്യൂണിസ്റ്റ് സംവിധാനം തകർന്നതിനുശേഷം അങ്ങോട്ട് നീങ്ങാൻ, അവരുടെ മോശം ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ, അവർ ആഗ്രഹിച്ചു. മദ്ധ്യ - കിഴക്കൻ യൂറോപ്പിൽ മതപ്രവർത്തനങ്ങൾ നിരോധിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം ദൈവസ്നേഹത്തിന്റെ വെളിച്ചമെത്തിക്കാൻ അവരാഗ്രഹിച്ചു. പഴയ സോവിയറ്റ് യൂണിയനിലെ എല്ലാ സ്ഥലങ്ങളിലും അവർ ഫൗണ്ടേഷനുകൾ അവർ സ്ഥാപിച്ചു. "ജനങ്ങൾ ദൈവത്തിനുവേണ്ടി ആഗ്രഹിക്കുന്നു; ഒരു പാട് കാലം ദൈവത്തെ നിഷേധിച്ച രാജ്യങ്ങളിലെ ജനങ്ങളുടെ ആഗ്രഹം കണ്ട് മദർ തെരേസ പറഞ്ഞു.

## "ദൈവനാമത്തിൽ"

ജീവിതം മുഴുവൻ ഭയരഹിതയായ ഒരു മിഷനറിയായിരുന്നു മദർ തെരേസ.

പാവപ്പെട്ടവരെ സേവിക്കാനുള്ള ദൈവത്തിന്റെ സ്വരം അവർ കേട്ടു. വിശ്വാസത്തിന്റെ ആയുധങ്ങളെടുത്ത്, ലോക നേതാക്കൻമാരുമായി നേരിടണം. പ്രതികരിക്കാനും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കായി നിലകൊള്ളാനും അവർ ഭയപ്പെട്ടില്ല. സംഭവിക്കാവുന്ന ഒരു യുദ്ധം ഒഴിവാക്കാൻ എബിലെയും ഇറാഖിലെയും രാജ്യതലവന്മാർക്ക് എഴുതിയ തുറന്ന കത്ത് ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്.




പ്രസംഗിക്കുക മാത്രമല്ലായിരുന്നു. അതിനേക്കാൾ ഓരോ വാക്കുകളും അവർ പ്രവർത്തിച്ചു. എപ്പോഴെല്ലാം ഒരു ദുരന്തമുണ്ടായാലും അവരവിടെ സ്വന്തം സഹോദരിമാരുമായി എത്തിയിരുന്നു. ആരെയും വിധിച്ചില്ല. വിമർശിച്ചില്ല; അവർ ലളിതമായും ഫലപ്രദമായും പ്രവർത്തിച്ചു. ഇറാഖിൽ നിന്ന് അവരെഴുതി. "യുദ്ധത്തിന്റെ ഫലങ്ങൾ ഭീകരമാണ്. മറ്റൊരു മനുഷ്യനോട് ഇതെങ്ങനെ ചെയ്യാൻ കഴിയുമെന്ന് മനസ്സിലാകുന്നില്ല. എന്തിനുവേണ്ടി? നമ്മുടെ ജോലി വഴി ഇവിടെ സ്നേഹവും സമാധാനവും നിറയുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. ഭക്ഷണത്തിനും മരുന്നിനും വലിയ ക്ഷാമമാണ്. നൂറുകണക്കിന് വീടുകൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. എത്ര ദിവസങ്ങളെടുക്കും അതൊക്കെ പുതുക്കി പണിയാനെന്ന് എനിക്കറിയില്ല. അതുകൊണ്ട് ഇറാഖിനെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുക.

**'അവന്റെ ബലിയാട്'**

മാർച്ച് 1997 വരെ മദർ തെരേസയായിരുന്നു സമൂഹത്തിന്റെ നേതൃത്വം. തുടർന്ന് അത് Sr. M. നിർമ്മലയ്ക്ക് കൈമാറി. പക്ഷേ മെയ് മാസത്തിൽ ഡോക്ടർമാരുടെ എല്ലാ നിർദ്ദേശങ്ങളും അവഗണിച്ച് റോമിലേയ്ക്കും, യു. എനിലേയ്ക്കും യാത്ര തിരിച്ചു. അത്യന്തം ശ്രമകരമായ യാത്രയ്ക്കുശേഷം കൽക്കട്ടയിലേയ്ക്ക് തിരിച്ചെത്തിയത് വലിയ സന്തോഷത്തോടുകൂടെയായിരുന്നു. മദറിന്റെ മരണത്തിനു കുറച്ചു നാൾ മുൻപ് ഒരു സിസ്റ്റർ അവരെ കണ്ടതോർക്കുന്നു. "Jesus I never refuse you anything." മദർ ക്രിസ്തുവിനെ നോക്കി സംസാരിക്കുകയാണ്. അവർ ഒരിക്കലും കഴിഞ്ഞ അമ്പത്തിയഞ്ചു വർഷമായി ക്രിസ്തുവിന് ഒന്നും നിഷേധിച്ചില്ല. യുവസന്യാസിനികളോടും മദർ അത് പറയുമായിരുന്നു; ഒന്നും കരുതിവെക്കാതെ ദൈവത്തിന്നൽകുക.

അവസാന ദിവസങ്ങളിൽ മദർ എപ്പോഴും ദൈവത്തെ കാണാനുള്ള ആഗ്രഹത്താൽ, ദൈവഭവനത്തിലേയ്ക്കുള്ള യാത്രയുടെ സന്തോഷം കൊണ്ട് നിറഞ്ഞു നിന്നു.

സെപ്തംബർ 5, 1997 രാത്രി 8 മണിക്ക് ശേഷം ശക്തമായ പുറംവേദന അനുഭവപ്പെട്ടു. ശ്വസനം തടസ്സപ്പെട്ടു. അപ്രതീക്ഷിതമായി വൈദ്യുതിബന്ധവും നിലച്ചു. മുൻപെങ്ങുമില്ലാത്ത രീതിയിൽ വൈദ്യുതികളും ഉപകരണങ്ങളും പ്രവർത്തിച്ചില്ല. രാത്രി 9.30 കൽക്കട്ട അന്ധകാരത്തിലാഴ്ന്നപ്പോൾ അവർക്ക് വെളിച്ചം പകർന്ന, ലോകത്തിന് വെളിച്ചം നൽകിയ മദർ തെരേസ അസ്തമിച്ചു. 'Come, Be may Light'.

(Translation of the selected passages from the book, **Come Be My Light**)



# സമാധാനാശംസ

# Exchange of Peace

**ഈശോ നമ്മുടെ സമാധാനം**

